**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-06-02-2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- മുവാറ്റുപുഴ ബ്ലോക്കിലെ വാളകം ഗ്രാമപഞ്ചായത്തിലെ തട്ടുതോണ്ട് തോട് ചെക്ക് ഡാമിന് ഷട്ടർ നിർമ്മിക്കുന്നതിനായി ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷന് തുക ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകി ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം./556/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 26/02/2018

---

പരാമർശം:- 1. മുവാറ്റുപുഴ ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2017-ലെ അപേക്ഷ.
2. 06.02.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.12-ാാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

വാളകം ഗ്രാമപഞ്ചായത്തിലെ തട്ടുതൊണ്ട് തോട് ചെക്ക് ഡാമിന് ഷട്ടർ നിർമ്മിക്കുന്നതിനായി മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് 5 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രോജക്ട് (പ്രോ.നം.68/18) തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി മലമ്പുഴ ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ 3,85,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഈ തുക ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്ന് പരാമർശം(1) പ്രകാരം മുവാറ്റുപുഴ ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റ് അപേക്ഷിച്ചിട്ടുണ്ട്.

06.02.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2)-ലെ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ മുവാറ്റുപുഴ ബ്ലോക്കിൽ വാളകം ഗ്രാമപഞ്ചായത്തിലെ തട്ടുതൊണ്ട് തോട് ചെക്ക് ഡാമിന് ഷട്ടർ നിർമ്മിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് നടപ്പാക്കുന്നതിനായി ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷന് എസ്റ്റിമേറ്റ് തുകയായ 3,85,000/- രൂപ കൈമാറാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
**അഡീഷണൽ സെക്രട്ടറി**

പ്രസിഡണ്ട്/സെക്രട്ടറി മുവാറ്റുപുഴബ്ലോക്ക് പഞ്ചായത്ത്, എറണാകുളം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018-02-?? 11:51:29 IST
Reason: Approved

സെക്ഷൻ ഓഫീസർ